# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

**<u>വിജ്ഞാപനം</u>**

നമ്പർ.713/ആർ1/2021/കെ.ഡി.ആർ.ബി

തിരുവനന്തപുരം
തീയതി. 28.04.2021

**വിജ്ഞാപന തീയതി**
**28.04.2021**

**അവസാന തീയതി**
**29.05.2021**

കൊച്ചിൻ ദേവസ്വം ബോർഡിൽ **പ്രിന്റർ** തസ്തികയിൽ **സ്ഥിരം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി** നിലവിലുള്ള മൂന്ന് ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള കൊച്ചിൻ ദേവസ്വം ബോർഡിലെ സ്ഥിരം ജീവനക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1 | കാറ്റഗറി നമ്പരും വർഷവും | **02/2021** |
| 2 | തസ്തികയുടെ പേര് | **പ്രിന്റർ** |
| 3 | ദേവസ്വം ബോർഡിന്റെ പേര് | **കൊച്ചിൻ ദേവസ്വം ബോർഡ്** |
| 4 | ശമ്പള സ്കെയിൽ | **രൂപ 19000-43600** |
| 5 | യോഗ്യതകൾ | 1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യയോഗ്യത.<br>2. മെഷീൻ വർക്ക് ട്രേഡിൽ കേരള ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (ലോവർ) പരീക്ഷ പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത. |
| 6 | ഒഴിവുകളുടെ എണ്ണം | 3 (മൂന്ന്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്<br>ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും |

| | | |
|---|---|---|
| | | നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. **മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ സ്ഥിരം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.** |
| 7 | നിയമനരീതി | **കൊച്ചിൻ ദേവസ്വം ബോർഡിലെ നിശ്ചിത യോഗ്യതയുള്ള സ്ഥിരം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം** |
| 8 | പ്രായ പരിധി | **18–56. ഉദ്യോഗാർത്ഥികൾ 01.01.2003 നും 02.01.1965 നും ഇടയിൽ** ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) |
| 9 | അപേക്ഷ ഫീസ്<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 500/–(അഞ്ഞൂറ് രൂപ മാത്രം)<br>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ് |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 56 (അൻപത്തിയാറ്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ സ്ഥിരം ജീവനക്കാരായി സേവനം അനുഷ്ഠിക്കുന്നവർക്കു മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ. അപേക്ഷകർ കൊച്ചിൻ ദേവസ്വം ബോർഡിൽ ഫുൾ മെമ്പറോ അപ്രൂവ്ഡ് പ്രൊബേഷണറോ ആയിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റു തരത്തിലോ താത്ക്കാലികമായോ ദിവസ വേതനത്തിലോ ജോലി ചെയ്യുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.<br>2. **ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ, മറ്റുള്ള സംവരണാനുകൂല്യങ്ങൾ, എന്നിവയൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**<br>3. തസ്തികമാറ്റം വഴിയുള്ള തെരഞ്ഞെടുപ്പായതിനാൽ ഇതിന്റെ എഴുത്തു പരീക്ഷയിൽ / ഇന്റർവ്യൂവിൽ 40% മാർക്കു ലഭിക്കാത്ത ഉദ്യോഗാർത്ഥികളെ റാങ്കു ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.<br>4. തസ്തികമാറ്റം വഴി അപേക്ഷ സമർപ്പിയ്ക്കുന്ന സ്ഥിരം ജീവനക്കാർ അവരുടെ സേവന വിവരം വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ഡെപ്യൂട്ടി കമ്മീഷണറിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. **സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.** |

| | | |
|---|---|---|
| | | |
| 11 | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷാ ഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണി ഓർഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷ ഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷ ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **29.05.2021** അർദ്ധരാത്രി 12 മണി വരെ |
| 13 | അപേക്ഷ സമർപ്പിക്കേണ്ട | www.kdrb.kerala.gov.in |

| | | |
|---|---|---|
| | മേൽവിലാസം | |

**ഫോട്ടോ, ഐ.ഡി.കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥയിലെ ഖണ്ഡിക 3, 4, 5 (വിമുക്ത ഭടൻമാർ, ഭിന്നശേഷിക്കാർ, കായികതാരങ്ങൾ, ഇവർക്കുള്ള ആനുകൂല്യങ്ങൾ) ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

**FORMAT OF SERVICE CERTIFICATE TO BE PRODUCED FOR RECRUITMENT BY TRANSFER AS PRINTER IN COCHIN DEVASWOM BOARD**

1. Name of candidate :
2. Age and Date of Birth :
3. Name of Post held by the candidate with Scale of Pay and Pay now drawn by the applicant :
4. Whether candidate is permanent employee / approved probationer :
5. Date of commencement of Service and Post :
6. Date of commencement of continuous service and post :
7. Date of completion of Probation :

Certified that the above details in respect of Sri/Smt ............................................... have been verified by me with the Service Particulars as given in the Service Book of the candidate and that they are found correct. He/She is a permanent employee and is eligible to apply for the post for recruitment by transfer as per rules.

Signature of the Head of Office
with Name and Designation

Place :

Date :

(Office seal)

# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്


തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377


## വിജ്ഞാപനം

നമ്പർ.713/ആർ1/2021/കെ.ഡി.ആർ.ബി

തിരുവനന്തപുരം
തീയതി. 28.04.2021

**വിജ്ഞാപന തീയതി**
**28.04.2021**

**അവസാന തീയതി**
**29.05.2021**

കൊച്ചിൻ ദേവസ്വം ബോർഡിൽ **പ്ലേയ്റ്റ് മേക്കർ** തസ്തികയിൽ **സ്ഥിരം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി** നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള കൊച്ചിൻ ദേവസ്വം ബോർഡിലെ സ്ഥിരം ജീവനക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1 | കാറ്റഗറി നമ്പരും വർഷവും | **03/2021** |
| 2 | തസ്തികയുടെ പേര് | **പ്ലേയ്റ്റ് മേക്കർ** |
| 3 | ദേവസ്വം ബോർഡിന്റെ പേര് | **കൊച്ചിൻ ദേവസ്വം ബോർഡ്** |
| 4 | ശമ്പള സ്കെയിൽ | **രൂപ 19000-43600** |
| 5 | യോഗ്യതകൾ | 1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യയോഗ്യത.<br>2. പ്ലേയ്റ്റ് മേക്കിംഗിലും, പ്ലേയ്റ്റ് ക്ലീനിംഗിലും (ഫോട്ടോ സിങ്കോഗ്രാഫിയിലുള്ള സിങ്ക് പ്ലേയ്റ്റുകളും സ്റ്റോണുകളും ഗ്രയിനിംഗ് പ്ലേയ്റ്റുകളും ) രണ്ടു വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം. (Must have experience in Plate Making and Plate cleaning (Zinc plates and stones and graining plates in Photo Zincography) for a period of not less than 2 years.<br><br>കുറിപ്പ് :- പ്രവൃത്തി പരിചയം തെളിയിക്കുന്നതിന് സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത/രജിസ്റ്റേർഡ് സ്ഥാപനങ്ങളിൽ |

| | | |
|---|---|---|
| | | നിന്നുള്ള രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കണം. |
| 6 | ഒഴിവുകളുടെ എണ്ണം | 1 (ഒന്ന്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്<br>ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. **മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ സ്ഥിരം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.** |
| 7 | നിയമനരീതി | **കൊച്ചിൻ ദേവസ്വം ബോർഡിലെ നിശ്ചിത യോഗ്യതയുള്ള സ്ഥിരം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം** |
| 8 | പ്രായ പരിധി | **18–56. ഉദ്യോഗാർത്ഥികൾ 01.01.2003 നും 02.01.1965 നും ഇടയിൽ** ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) |
| 9 | അപേക്ഷ ഫീസ്<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 500/-(അഞ്ഞൂറ് രൂപ മാത്രം)<br>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ് |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 56 (അൻപത്തിയാറ്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ സ്ഥിരം ജീവനക്കാരായി സേവനം അനുഷ്ഠിക്കുന്നവർക്കു മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ. അപേക്ഷകർ കൊച്ചിൻ ദേവസ്വം ബോർഡിൽ ഫുൾ മെമ്പറോ അപ്രൂവ്ഡ് പ്രൊബേഷണറോ ആയിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റു തരത്തിലോ താത്ക്കാലികമായോ ദിവസ വേതനത്തിലോ ജോലി ചെയ്യുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.<br>2. **ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ, മറ്റുള്ള സംവരണാനുകൂല്യങ്ങൾ, എന്നിവയൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**<br>3. തസ്തികമാറ്റം വഴിയുള്ള തെരഞ്ഞെടുപ്പായതിനാൽ ഇതിന്റെ എഴുത്തു പരീക്ഷയിൽ / ഇന്റർവ്യൂവിൽ 40% മാർക്കു ലഭിക്കാത്ത |

| | | |
|---|---|---|
| | | ഉദ്യോഗാർത്ഥികളെ റാങ്ക ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.<br>4. തസ്തികമാറ്റം വഴി അപേക്ഷ സമർപ്പിയ്ക്കുന്ന സ്ഥിരം ജീവനക്കാർ അവരുടെ സേവന വിവരം വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ഡെപ്യൂട്ടി കമ്മീഷണറിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. **സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.** |
| 11 | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷാ ഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണി ഓർഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷ |

| | | |
|---|---|---|
| | | ഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷ ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **29.05.2021** അർദ്ധരാത്രി 12 മണി വരെ |
| 13 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www.kdrb.kerala.gov.in |

**ഫോട്ടോ, ഐ.ഡി.കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥയിലെ ഖണ്ഡിക 3, 4, 5 (വിമുക്ത ഭടൻമാർ, ഭിന്നശേഷിക്കാർ, കായികതാരങ്ങൾ, ഇവർക്കുള്ള ആനുകൂല്യങ്ങൾ) ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

**FORMAT OF SERVICE CERTIFICATE TO BE PRODUCED FOR RECRUITMENT BY TRANSFER AS PLATE MAKER IN COCHIN DEVASWOM BOARD**

1. Name of candidate :
2. Age and Date of Birth :
3. Name of Post held by the candidate with Scale of Pay and Pay now drawn by the applicant :
4. Whether candidate is permanent employee / approved probationer :
5. Date of commencement of Service and Post :
6. Date of commencement of continuous service and post :
7. Date of completion of Probation :

Certified that the above details in respect of Sri/Smt ............................................... have been verified by me with the Service Particulars as given in the Service Book of the candidate and that they are found correct. He/She is a permanent employee and is eligible to apply for the post for recruitment by transfer as per rules.

Signature of the Head of Office
with Name and Designation

Place :

Date :

(Office seal)